# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 466 — 02.12.2014-ലെ മറുപടിക്ക്

## ശമ്പളപരിഷ്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. ചിറയം ഗോപകുമാർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | കീഴ്‌വഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി എന്നാണ് ; ആയതിനുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | കീഴ്‌വഴക്കങ്ങളനുസരിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ശമ്പളം പരിഷ്കരിക്കുവാനുള്ള തീയതി 01.07.2014 മുതലാണ്. ശമ്പളപരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിന് 30.11.2013 ലെ സ.ഉ. (എം.എസ്.) നം. 583/2013/ധന പ്രകാരം പത്താം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |
| (ബി) | ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന് ഏതെങ്കിലും തരത്തിലുള്ള കീഴ്‌വഴക്കം ഉണ്ടോ ; 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിലവിൽ നിവേദനം നൽകിയിട്ടുണ്ടെന്നറിയിക്കുമോ ; ഇവർക്ക് നൽകിയിട്ടുള്ള മറുപടികളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ട തീയതി മുതൽക്കാണ് ഇടക്കാലാശ്വാസം നൽകേണ്ടത് എന്ന കീഴ്‌വഴക്കം ഇല്ല. 20% ഇടക്കാലാശ്വാസം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു സംഘടനയും നിലവിൽ നിവേദനം നൽകിയിട്ടില്ല. |
| (സി) | വിലക്കയറ്റം മൂലം ജീവിതച്ചെലവ് അസാധാരണമായി വർദ്ധിക്കപ്പെട്ട സാഹചര്യത്തിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ടതായ തീയതി മുതൽ പ്രാബല്യത്തിൽ ഇടക്കാലാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | യുക്തമായ സമയത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ